(ബി) അവ ഏതെല്ലാം;

(സി) പുതിയ ചെറുകിട ജലസേചന പദ്ധതികൾ ആരംഭിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ ഏതെല്ലാം?

ജലസേചന വകുപ്പു മന്ത്രി (ശ്രീ. എം.പി. ഗംഗാധരൻ):

(എ) 86 ക്ലാസ് 1 മൈനർ ഇറിഗേഷൻ പദ്ധതികളും 63 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 89 ക്ലാസ് 1 മൈനർ ഇറിഗേഷൻ പദ്ധതികളും 43 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പുതിയതായി ആരംഭിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്.

(ഡി) അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെയും കോർപ്പറേഷനുകളിലെയും ബോണസ്

* 65 [107] ശ്രീ. ടി.കെ. ഹംസ:
,, സി.കെ. തങ്കപ്പൻ:
,, എം. ജിനദേവൻ:
,, കെ. മൂസ്സക്കുട്ടി:
,, ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലേയും കോർപ്പറേഷനുകളിലേയും തൊഴിലാളികൾക്ക് ഈ വർഷം ബോണസ് നൽകുന്നതു സംബന്ധിച്ച് സർക്കാർ വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണെന്നു വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഉണ്ട്.

(ബി) ഒറിജിനൽ ഉത്തരവുകളും അതിന്റെ മലയാള തർജ്ജിമയും അനുബന്ധമായി ചേർത്തിട്ടുണ്ട്. †

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 65 (107) കാണുക.

2–6–1985 ലെയും 19–8–1985 ലെയും സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെയും, സഹകരണ അർബൻ ബാങ്കുകൾ, സർവ്വീസ് സഹകരണ സംഘങ്ങൾ തുടങ്ങി എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് ഈ വർഷം (1985–ൽ) ബോണസ് നൽകുന്നതിനെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ താഴെപ്പറയും പ്രകാരമാണു നൽകിയിരിക്കുന്നത്:

ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ 1984–85 ഉൾപ്പെടെ കഴിഞ്ഞ 5 അക്കൗണ്ടിംഗ് വർഷങ്ങൾക്കിടയ്ക്ക് ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടെങ്കിൽ മിനിമം ബോണസ് (8.33%) നൽകേണ്ടതാണ്. ഇതുവരെ ഉൽപ്പാദനം ആരംഭിച്ചിട്ടില്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇത് ബാധകമല്ല.

1984–85 ൽ ലാഭമുണ്ടാക്കിയ ഒരു പൊതുമേഖലാ സ്ഥാപനവും ബോണസ് നിയമം അനുസരിച്ചുള്ളതിൽ കൂടുതൽ ബോണസ് നൽകാൻ പാടില്ല. പരമാവധി 20% ബോണസ് നൽകാമെന്നു വ്യവസ്ഥ കർശനമായി പിന്തുടരുകയും വേണം.

1984–85 ൽ നഷ്ടത്തിൽ നടക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനവും 8.33%-ൽ കൂടുതൽ ബോണസ് നൽകാൻ പാടുള്ളതല്ല.

ഈ വർഷം ബോണസ് നൽകുമ്പോൾ കഴിഞ്ഞ വർഷം നൽകിയതുകയേക്കാൾ കുറയാതിരിക്കുന്നതിനു കഴിഞ്ഞ വർഷം നൽകിയ എക്സ് ഗ്രേഷ്യാ ഗുഡ്വിൽ പേമെൻറുകളും കണക്കിലെടുക്കേണ്ടതാണ്. എന്നാൽ തിരിച്ചു പിടിക്കുന്ന അഡ്വാൻസുകൾ കണക്കിലെടുക്കേണ്ടതില്ല. ബോണസ് ഒഴികെ എക്സ്ഗ്രേഷ്യാ, പാരിതോഷികങ്ങൾ മറ്റ് ആനുകൂല്യങ്ങൾ തുടങ്ങി യാതൊന്നും നൽകാൻ പാടില്ല.

ബോണസ് നൽകുന്നതിനുള്ള പരിധി 750 രൂപയ്ക്കു പകരം 1600 രൂപയാക്കിക്കൊണ്ടുള്ള 1985 ലെ ബോണസ് നൽകൽ ഭേദഗതി നിയമമനുസരിച്ച് ആയിരിക്കണം അതു നൽകേണ്ടത്.

GOVERNMENT OF KERALA

Abstract

Payment of Bonus in 1985—Public Sector Undertakings and Co-operative Institutions—Giudelines prescribed—Orders issued.

LABOUR (D) DEPARTMENT

G.O. Rt. No. 1216/85/LBR. Trivandrum, dated, 2nd August 1985.

ORDER

Government are pleased to lay down the following guidelines in regard to the payment of Bonus by Public Sector Undertakings and Co-operative Institutions for the year 1985:—

LIBRARY ARCHIVES Kerala Legislative Assembly

(i) A minimum bonus of 8.33% shall be paid by public sector undertakings including those in which the State Government hold majority shares. This will not apply to Public Sector Undertakings which have not started production so far.

(ii) No Public Sector Undertaking which is making profit in 1984-85 shall pay in excess of what is payable under the Payment of Bonus Act. The maximum of 20% prescribed in the Payment of Bonus Act shall also be strictly followed.

(iii) No Public Sector Undertaking which is sustaining a loss in 1984-85 shall pay in excess of the minimum bonus of 8.33% admissible under the Payment of Bonus Act.

(iv) The payments under (i), (ii) and (iii) above shall be subject to the stipulation that in cases in which the actual amount received by an employee as bonus last year was higher than the amount payable this year under the Bonus Act the employees will be paid the same amount as bonus this year also.

(v) Other than bonus, no payment of any type like ex-gratia, good-will payments in kind etc. shall be made.

2. These guidelines shall also apply to all Co-operative Institutions in the State including Co-operative Urban Banks and Service Co-operative Societies.

3. No deviation from these guidelines shall be made in any circumstance.

(By order of the Governor)

U. Mahabala Rao,

Commissioner and Secretary to Government.

GOVERNMENT OF KERALA

Abstract

Payment of Bonus 1985—Public Sector Undertakings and Co-operative Institutions—Guidelines issued—Further Clarifications.

LABOUR (D) DEPARTMENT

G.O. Rt. No. 1238/85/L.BR. Dated, Trivandrum 19th August 1985

Read:—Again G.O. (Rt) 1216/85/LBR. dated 2.8.1985.

ORDER

In the G.O. read above, Government have laid down the guidelines in regard to the payment of bonus by Public Sector Undertakings and Co-operative Institutions for the year 1985. The following further clarifications are issued to the guidelines laid down in the G.O. read above.

LIBRARY ARCHIVES Kerala Legislative Assembly

(i) Minimum bonus will paid in the case of undertakings in which production had started in any of the last five accounting years, including the accounting year 1984-85.

(ii) In computing the amount of bonus paid last year, for purposes of ensuring that the bonus amount received last year is given this year also, the outright payments like ex-gratia and good-will payment will be included, but not recoverable advances.

(iii) Bonus will be paid in all public sector undertakings in accordance with the Payment of Bonus (Amendment) Act, 1985 i.e. the ceiling on payment of bonus will be Rs. 1,600 instead of Rs. 750.

By order of the Governer,
A. K. Narayanan Nair,
Joint Secretary.

LIBRARY ARCHIVES Kerala Legislative Assembly